# നേരും നുരയും

അപ്പത്തിനു വരിനിന്നു
ചോപ്പിച്ച
മുദ്രാവാക്യങ്ങൾക്കിടി-
മുഴക്കം തീർക്കാൻ
എന്റെ ചങ്കാണു നീ-
പിഴുതെടുത്തത്.
തരംപോൽ-
മുഖം മൂടികളെടു-
ത്തണിയാനും
ഊരിവെക്കാനും
എന്റെ മുഖമാണു നീ-
കണ്ണാടിയാക്കിയത്.
അധികാരത്തിൻ-
ചക്കരക്കുടച്ചീളുക-
ളെത്തിപ്പിടിക്കാനെൻ
മുതുകെല്ലാണു നീ-
ചവിട്ടുപടിയാക്കിയത്.
അടിച്ചുവീശും കാല-
ക്കാറ്റിലാടിയുലഞ്ഞനിൻ-
'സ്വപ്നക്കൂടുകൾ'
തകർന്നുടഞ്ഞു നിലം-
പതിക്കവേ,
എന്റെ നെഞ്ചകമാണു നീ-
നീ പഞ്ജരമാക്കിയത്!
അടച്ചുമൂടപ്പെട്ട 'ഭൂത'ങ്ങൾ
പുറത്തുചാടി
കണ്ണുരുട്ടില്ലെന്ന
ചങ്കുറപ്പിലെന്നിളം-
ഭ്രൂണത്തുടിപ്പിനും
വിലപേശുന്ന-
ജൂദാസുകളുടെ 'വർത്തമാനം'
നിനക്കിന്നേറേ-
പഥ്യമായിവരവേ,
ഓർക്കുക-
നിലനിൽക്കുന്നില്ലൊരു-
'നുര'യും
നേരിൻ തെളിനീരൊ-
ഴുക്കിൻ മീതെ........!

**മുഹമ്മദ് കുട്ടി, ഇരിമ്പിളിയം**

# ചിലന്തിയുടെ വീട്

ചിലന്തി ഒരു ഉപമാനമാണ്
തൂണുകൾ അതിരിട്ട തമ്പ്
വൃത്തജാലികക്കു മധ്യത്തിലൊരു മകുടം
വിഷംനിറഞ്ഞ അകം സ്രവിക്കുന്ന കസവുനൂലും
ചാഞ്ചാട്ടങ്ങളുടെ പരിക്രമണവും ചേർന്ന
ഇഴയകലം കൊതിയുണർത്തുന്ന വീട്.

ചെളിയും ചുള്ളിയും കൂടാതെ
മച്ചിൽ മഴവില്ലു തീർക്കുന്ന തച്ചൻ
പുര പോരിന്റെ കളമാക്കി
ഇരകൾക്ക് മരണവക്ത്രമൊരുക്കുന്നു.

കാറ്റിന്റെ കുതിവേഗങ്ങളിലും
മഴയുടെ നീരാളിപ്പടർച്ചയിലും
പ്രലോഭനങ്ങളുടെ വലവിരിച്ച്
കോട്ടയുടെ നെഞ്ചുറപ്പ് കാട്ടുന്നു.

മരണവേദനയിൽ കുതറിയവർ
നിയമലംഘകരായി വിധിക്കപ്പെട്ടു.
വശംവദരായി വീണവർ
നീതിക്കു കേഴുമ്പോൾ
അതിദുർബലമാണ് ചിലന്തിയുടെ സാമ്രാജ്യമെന്ന
അരുളപ്പാടുകൾ ആശ്വാസമാകുന്നു.

**എസ്. റഹീന, മേപ്പയൂർ**